## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5882 07.07.2014-ലെ മറുപടിക്ക്

## പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കാലിവളർത്തലിലേർപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്;<br><br>(ബി) കേരളത്തിലെ പാലുല്പാദനം പ്രതിദിനം എത്ര ലിറ്ററാണ് എന്ന് വ്യക്തമാക്കുമോ;<br><br>(സി) ആഭ്യന്തര ഉല്പാദനത്തിന് ഇവിടുത്തെ ഉല്പാദനം പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി എന്നിവയാണ് പാലുല്പാദനം ലാഭകരമാക്കുന്നതിന് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ<br>പാലുല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, കാലിത്തീറ്റ സബ്സിഡി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗ ചികിത്സാസഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിന് വേണ്ട വിരമരുന്നും മറ്റുല്പന്നങ്ങളും നൽകൽ, കറവയന്ത്രം, മാറ്റ്, ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ, പാൽ സംഭരിക്കുന്നതിന് പാൽ പാത്രങ്ങൾ എന്നിവ നൽകൽ, ആം ആദ്മി ബീമാ യോജന പദ്ധതി, അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉരുക്കളെ കൊണ്ടുവരുന്നതിനുള്ള കടത്തുകൂലി, കുളമ്പ് രോഗം മൂലം പശുക്കൾ ചത്തുപോയ കർഷകർക്ക് 10,000/- രൂപ വീതവും, കിടാരിയ്ക്ക് 2,000/- രൂപ വീതവും, കന്നുകുട്ടിയ്ക്ക് 1000/- രൂപ വീതവും നഷ്ടപരിഹാരം, മഴക്കാലക്കെടുതിയിൽ പശുക്കൾ ചത്തുപോയ കർഷകർക്ക് 5000/- രൂപ വീതവും, കിടാരിയ്ക്ക് 2000/- രൂപ വീതവും, കന്നുകുട്ടിയ്ക്ക് 1000/- രൂപ വീതവും നഷ്ടപരിഹാരം എന്നിവ നടപ്പിലാക്കുന്നു. |

എറണാകുളം മേഖലാ യൂണിയൻ പാലിന് വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിന് പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കന്നുകാലി ഇൻഷുറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർ-ട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽ പാത്രങ്ങളും ക്ലീനിംഗിനുമുള്ള രാസവസ്തുക്കൾ നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടികൾ, സംഘത്തിൽ പാലളക്കുന്ന കർഷകർക്കും സംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സബ്സിഡി നിരക്കിൽ മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പാക്കുന്നു.

മലബാർ മേഖലാ യൂണിയൻ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കിടാരികളെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിന് വേണ്ട ഉല്പന്നങ്ങൾ നൽകുക, മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി, മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷുറൻസ്, ഫാം ആധുനികവൽക്കരിക്കുന്നതിനുള്ള ധന-സഹായം എന്നിവയും നടപ്പിലാക്കുന്നുണ്ട്.

ഇതിനു പുറമെ N.D.P-1 പ്രകാരം Ration Balancing Programme (R.B.P), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികൾ മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും നടപ്പിലാക്കി വരുന്നു.

കേരളത്തിലെ പാലുല്പാദനം പ്രതിദിനം ശരാശരി 81.25 ലക്ഷം ലിറ്റർ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ